ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് നമ്പർ : 5430
ഫാക്സ് : 0471-2305891
പിൻ കോഡ് - 695 033

ഇ-മെയിൽ: secretary@niyamasabha.nic.in

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

നം. 6258/എസി.ഡി1/2024/നി.സെ.,

തിരുവനന്തപുരം,
17.04.2024.

## പരിമിത ദർഘാസ് പരസ്യം

കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് മാഗസിൻ 'അറിവോരം' ആറ് ലക്കങ്ങൾ 2024 ജൂൺ മുതൽ 2025 ഏപ്രിൽ വരെയുള്ള കാലയളവിലേക്ക് ഓരോ ലക്കവും ആയിരം കോപ്പി വീതം, ഇതോടൊപ്പം ചേർത്തിരിക്കുന്ന സ്പെസിഫിക്കേഷൻ പ്രകാരം അച്ചടിച്ച് വിതരണം ചെയ്യുന്നതിന് താത്പര്യമുള്ള വ്യക്തികൾ/ സ്ഥാപനങ്ങളിൽ നിന്നും ടെണ്ടറുകൾ ക്ഷണിക്കുന്നു.

### വിശദാംശങ്ങൾ

| | |
|---|---|
| ദർഘാസ് ഫാറത്തിന്റെ വില | : ₹784/- (700+12% GST) |
| നിരതദ്രവ്യം | : ₹3,500/- |
| ദർഘാസുകൾ വിതരണം ചെയ്യുന്ന അവസാന തീയതി | : 02.05.2024 വൈകീട്ട് 3.00 മണിവരെ |
| ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതി | : 03.05.2024 വൈകീട്ട് 3.00 മണി വരെ |
| ദർഘാസുകൾ തുറക്കുന്ന തീയതി | : 03.05.2024 വൈകീട്ട് 3.30 മണി |

നിബന്ധനകൾ ഉൾക്കൊള്ളുന്ന ദർഘാസ് ഫാറം അണ്ടർ സെക്രട്ടറി II (അക്കൗണ്ട്സ്), നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-ൽ നിന്ന് ലഭിക്കുന്നതാണ്. ദർഘാസ് സമർപ്പിക്കുന്ന കവറിനു പുറത്ത് 'അറിവോരം മാഗസിൻ അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള ടെണ്ടർ' എന്ന് രേഖപ്പെടുത്തേണ്ടതാണ്. ദർഘാസ് ഫാറത്തിന്റെ വില മടക്കി നൽകുന്നതല്ല. ദർഘാസ് ഫാറങ്ങൾ കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല. ദർഘാസുകൾ തുറന്നു പരിശോധിക്കുന്ന ദിവസം അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ആയത് തുറന്നു പരിശോധിക്കുന്നതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്ത ദർഘാസുകൾ സ്വീകരിക്കുന്നതല്ല. ക്വാട്ട് ചെയ്യുന്ന റേറ്റ് എല്ലാ ചെലവുകളും നികുതികളും ഉൾപ്പെടെ ആയിരിക്കണം. നിയമസഭയിൽ നിന്നും വിതരണം ചെയ്യുന്ന ദർഘാസ് ഫാറത്തോടൊപ്പം കേരള സംസ്ഥാനത്തിൽ നിന്നെടുത്ത 200 രൂപയുടെ മുദ്രപത്രത്തിൽ എഗ്രിമെന്റും മറ്റ് ബന്ധപ്പെട്ട രേഖകളും സമർപ്പിച്ചിരിക്കേണ്ടതാണ്.

ദർഘാസുകൾ സ്വീകരിക്കുന്നതിനോ യാതൊരു കാരണവും വ്യക്തമാക്കാതെ നിരസിക്കുന്നതിനോ നിയമസഭാ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

മേൽ സൂചിപ്പിച്ച മാഗസിൻ അച്ചടിക്കുന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾക്കും മാതൃക പരിശോധിക്കുന്നതിനും നിയമസഭാ സെക്രട്ടേറിയറ്റിലെ വിവരവിഭവ വികസന (ബി) വിഭാഗവുമായി (0471-2512493) ബന്ധപ്പെടേണ്ടതാണ്.

വിശ്വസ്തതയോടെ,

**പുഷ്പലത വി.സി.,**
അണ്ടർ സെക്രട്ടറി - II (അക്കൗണ്ട്സ്),
സെക്രട്ടറിക്കുവേണ്ടി.
ഫോൺ നം. 0471-2512422

വിശദവിവരങ്ങൾ www.niyamasabha.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ഉള്ളടക്കം:- സ്പെസിഫിക്കേഷൻ.